

(നവംബർ 2022)

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

ഒക്ടോബർ മാസത്തിൽ നമ്മുടെ നോർത്ത് അമേരിക്ക - യൂറോപ്പ് ഭദ്രാസനത്തിലെ അമേരിക്ക, കാനഡ എന്നിവിടങ്ങളിലുള്ള ഇടവകകൾ സന്ദർശിക്കുന്നതിന് സാധിച്ചു. ഇടവക സന്ദർശനങ്ങളോടൊപ്പം ഭദ്രാസനത്തിലുള്ള പട്ടക്കാരുടെ വാർഷിക കൂട്ടായ്മ, ഭദ്രാസന സേവികാസംഘത്തിന്റെ 20-ാമത് വാർഷിക സമ്മേളനം എന്നിവയ്ക്കും നേതൃത്വം നല്കി. ലോകപ്രശസ്ത സുവിശേഷകനും, മാരാമൺ കൺവൻഷൻ പ്രസംഗകനുമായിരുന്ന ഡോ. ഇ. സ്റ്റാൻലി ജോൺസിന്റെ ചെറുമകൾ ഡോ. ആൻ മാത്യൂസ് യൂനസ് സേവികാ സംഘം കോൺഫറൻസിൽ മുഖ്യപ്രഭാഷകയായി നേതൃത്വം നല്കി എന്നത് ഒരു പ്രത്യേകതയായിരുന്നു. അറ്റ്ലാന്റയിലുള്ള മാർത്തോമ്മാ സെന്റർ സന്ദർശിച്ചു. പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു സ്കൂൾ, വിവിധങ്ങളായ ക്യാമ്പുകൾ, കോൺഫറൻസുകൾ എന്നിവ ക്രമീകരിക്കുന്നതിനുതകുന്ന വളരെ വിശാലവും സൗകര്യപ്രദവുമായ സംവിധാനങ്ങൾ എന്നിവയാണ് ഇതിലൂടെ ഭദ്രാസനത്തിന് കരഗതമായിരിക്കുന്നത്. അറ്റ്ലാന്റയിലുണ്ടായിരുന്ന രണ്ട് ഇടവകകൾ ഒരുമിച്ച് ചേർന്ന് ഒറ്റ ഇടവകയായി രൂപപ്പെട്ട്, എല്ലാവരും ഐക്യപ്പെട്ട് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഈ വലിയ സംരംഭത്തിന് പങ്ക്ചേർന്നു എന്നത് അഭിനന്ദനീയമാണ്. ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലും റീജിയണൽ ആക്ടിവിറ്റി കമ്മിറ്റികളുടെ ആഭിമുഖ്യത്തിലും വിവിധ സ്ഥലങ്ങളിൽ ക്രമീകരിച്ച സ്വീകരണ സമ്മേളനങ്ങൾ വളരെ ഹൃദ്യമായിരുന്നു. സ്റ്റേറ്റ് ഓഫ് ടെക്സാസിലുള്ള സിറ്റി ഓഫ് കോപ്പാൽ 2022 ഒക്ടോബർ 11 ബിഷപ്പ് ഡോ. തിയഡോഷ്യസ് മാർത്തോമ്മാ ദിനമായി പ്രഖ്യാപിച്ചു എന്നത് മാർത്തോമ്മാ സഭയോടും, സഭാമേലദ്ധ്യക്ഷന്മാരോടുമുള്ള ആദരവായി കരുതുന്നു. ആ ഭദ്രാസനത്തിന്റെ ആകമാന വളർച്ചയ്ക്കായി ദൈവത്തെ സ്തുതിക്കാം. കോവിഡ്-19 ന് ശേഷം പ്രവർത്തനങ്ങൾ എല്ലാം ക്രമപ്പെട്ടു വരുന്നു എന്നത് സന്തോഷകരമാണ്. നേതൃത്വം നല്കുന്ന എല്ലാവരെയും, വിശേഷാൽ ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്ക്കോപ്പാ തിരുമേനിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. നോർത്ത് അമേരിക്കയിലേക്ക് പഠനത്തിനും മെച്ചപ്പെട്ട ജോലി സാധ്യതയ്ക്കുമായി എത്തപ്പെടുന്ന യുവജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. ഓരോ പ്രദേശത്തും അപ്രകാരം വന്ന്ചേരുന്ന യുവജനങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് കൂട്ടായ്മ നല്കുന്നതിനും ഇടവകകൾ താല്പര്യപ്പെടണം. പട്ടക്കാരും ഇടവക ചുമതലക്കാരും യൂത്ത് ഫെലോഷിപ്പ് അംഗങ്ങളും ഇതിന്റെ നേതൃത്വം ഏറ്റെടുക്കേണ്ടതാണ്.

ഇന്ത്യൻ വംശജൻ ശ്രീ. ഋഷി സുനക് ബ്രിട്ടിഷ് പ്രധാനമന്ത്രിയായി ചുമതലയേറ്റു എന്നത് ഭാരതത്തിന് അഭിമാനകരമാണ്. ഒരിക്കൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോളനിയായിരുന്ന ഇന്ത്യയിൽ നിന്നും ബ്രിട്ടന്റെ ഭരണാധികാരിയായി ഒരു വ്യക്തി ഉയർത്തപ്പെടുന്നു എന്നത് ഒരു ചരിത്രനേട്ടവും ബ്രിട്ടീഷ് സമൂഹത്തിന്റെ ബഹുസ്വരതയുടെ അടയാളവുമാണ്. കോവിഡിന് ശേഷം യുക്രെയിൻ യുദ്ധവും, വിലക്കയറ്റവും, നാണയപ്പെരുപ്പവും വെല്ലുവിളി ഉണർത്തുന്ന ഒരു പശ്ചാത്തലത്തിലാണ് സുനക് നേതൃസ്ഥാനത്തെത്തുന്നത്. പ്രതിസന്ധി നാളുകളിൽ സുനക്കിന്റെ ഭരണം ഐക്യത്തിനും സുസ്ഥിരതയ്ക്കും കാരണമാകട്ടെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സാംസ്കാരിക സമ്പന്നതയിലും വിദ്യാഭ്യാസത്തിലും ഏറെ മുൻപിലാണ് കേരളം എന്ന ചിന്ത ഓരോ കേരളീയനിലുമുണ്ട്. എന്നാൽ അതെല്ലാം പൊള്ളയായ ചില സങ്കല്പങ്ങൾ മാത്രമാണെന്ന് അടുത്തകാലത്തെ വിവിധ സംഭവങ്ങൾ വിളിച്ചറിയിക്കുന്നു. മദ്യ-മയക്കുമരുന്നുകളുടെ പിടിയിലകപ്പെട്ട യുവതലമുറ, കള്ളക്കടത്തു മാഫിയകളുടെ ദ്രുതഗതിയിലുള്ള വളർച്ച, നരഹത്യയ്ക്ക് തയ്യാറായി നില്ക്കുന്ന ക്വട്ടേഷൻ സംഘങ്ങൾ, അന്ധവിശ്വാസങ്ങളിലും വിശ്വാസഭ്രംശങ്ങളിലും അകപ്പെടുന്നയാളുകൾ, വർദ്ധിച്ചു വരുന്ന സ്ത്രീപീഡനങ്ങളും കൊലപാതകങ്ങളും, പീഢനം ഏല്ക്കുന്ന മുതിർന്ന തലമുറയും ഇളം തലമുറയും,

ഒരു സമൂഹത്തിന്റെ തന്നെ ക്രൂരതയുടെ പ്രതീകങ്ങളായി മാറുന്നു. ആത്മഹത്യാ പ്രവണതകളും കൂടിവരുന്നു എന്നതും ഞെട്ടിപ്പിക്കുന്നതാണ്.

ഇലന്തൂരിൽ നടന്ന നരബലി മനുഷ്യ മനസാക്ഷി മരവിപ്പിക്കുന്നതാണ്. ഇത് ചില ഒറ്റപ്പെട്ട സംഭവങ്ങളായി മാത്രം ചിലരെങ്കിലും വ്യാഖ്യാനിക്കുന്നുണ്ടാകാം. എന്നാൽ സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഉന്നത നിലവാരം പുലർത്തുന്ന, ശക്തമായ ക്രൈസ്തവ സാന്നിധ്യമുള്ള ഒരിടത്ത് ഇത്തരം ഒരു സംഭവം നടന്നു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ഒരു സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന മാറാരോഗത്തിന്റ ചില ലക്ഷണങ്ങൾ മാത്രമാണിതെന്നറിയുമ്പോൾ നാം ഏറെ കരുതൽ എടുക്കേണ്ടിയിരിക്കുന്നു. എവിടെയാണ് നാം പരാജയപ്പെട്ടത്? ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും കൈവരിക്കാനായ വൻ കുതിച്ചു കയറ്റങ്ങൾക്കുപോലും അന്ധവിശ്വാസം നിർമ്മാർജനം ചെയ്യുന്ന ഒരു സാമൂഹ്യ ക്രമം സൃഷ്ടിക്കാനായിട്ടില്ല എന്നതാണ് വ്യക്തമാകുന്നത്. അന്ധവിശ്വാസം ഇരുട്ടാണ്, പക്ഷെ പ്രകാശം കൊണ്ട് ഇരുട്ടിനെ ഇല്ലാതാക്കാൻ കഴിയും. ചുറ്റുപാടുകൾക്കു വെളിച്ചം പകരുന്ന സത്യ വിശ്വാസത്തിനു മാത്രമേ അന്ധവിശ്വാസത്തെ തമസ്കരിക്കുവാൻ സാധിക്കുകയുള്ളു.

ഇന്നത്തെ ഈ ദുരവസ്ഥയ്ക്ക് കേരളസംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത-മതേതരസാമൂഹിക സംഘടനകൾക്കും ഭരണ വ്യവസ്ഥകൾക്കും തുല്യപങ്കാളിത്തമുണ്ട്. ഇവിടെ ഒരു വീണ്ടെടുപ്പ് പ്രക്രിയയാണ് ആവശ്യം. സാമൂഹിക സാമ്പത്തിക അസന്തുലിതാവസ്ഥ ഇത്തരം സാമൂഹിക രോഗങ്ങളുടെ പ്രധാനകാരണമാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഏറെ വലുതാകുന്നു. ജാതി, ലിംഗ വിവേചനങ്ങളുടെ ഇരകളാകുന്നവർ ഏറെയാണ്. ആർത്തി സംസ്ക്കാരം അതിരുവിട്ട് വളരുന്നു. ഒരിക്കലും തൃപ്തിവരാത്ത സമൂഹങ്ങളും വ്യക്തികളും രൂപപ്പെടുന്നു. സാമൂഹിക അരക്ഷിതാവസ്ഥ വർദ്ധിക്കുന്നു. ജീവിതത്തിന്റ ഉദ്ദേശം എന്തെന്ന് മനസ്സിലാക്കുവാൻ പരാജയപ്പെടുകയാണ് സമൂഹം. രാഷ്ട്രീയ മത സാമൂഹിക രംഗത്തെ ഉന്നത തലങ്ങളിലെ ധാർമ്മിക അപചയം ഇത്തരം അരക്ഷിതാവസ്ഥയ്ക്ക് ആക്കം കൂട്ടുന്നു. വീണ്ടെടുപ്പിന്റെ വക്താക്കളാകുവാനുള്ള ഉൾവിളി നമുക്കേറ്റെടുക്കാം. ചെറു സംഘങ്ങളായി പരസ്പര സഹകരണത്തിൽ ഒരു നവോത്ഥാന കേരളത്തെ നമുക്ക് സ്വപ്നം കാണാം. പാരസ്പരികതയിലധിഷ്ഠിതമായ നിലനില്പും, പ്രകൃതിയുടെ വീണ്ടെടുപ്പും സമ്മേളിക്കുന്ന ഭൂമികയിൽ മാത്രമെ ശാന്തിയുടെ സന്ദേശം പുലരൂ എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ദൈവസ്നേഹത്തിന്റെ മർമ്മം തിരിച്ചറിയുന്നതിനോടൊപ്പം അയൽക്കാരനെ കൂടെ തിരിച്ചറിയുന്നതിലാണ് യഥാർത്ഥ സ്നേഹം എന്ന് പഠിപ്പിക്കുന്ന ക്രിസ്തീയ സഭകൾ ഒന്നിച്ച് ചേർന്ന് മറ്റു സമുദായ സംഘടനകളും മത വിഭാഗങ്ങളും ഗവൺമെന്റും ഗവൺമെന്റിതര സംഘടനകളും ഉൾപ്പെടുന്ന വിശാല കൂട്ടായ്മയിലൂടെ പുതിയ കേരളത്തെ വിഭാവന ചെയ്യണം.

യുക്രെയിനിലെ യുദ്ധം തുടർന്നുകൊണ്ടേയിരിക്കുന്നു. സമാധാനം പുലരാനുള്ള ഒരു വഴിയും ഇപ്പോഴും തുറന്നു വരുന്നില്ല എന്നത് ആശങ്കാജനകം തന്നെ. യുദ്ധത്തോടനുബന്ധിച്ച് ലോക സാമ്പത്തിക രംഗവും താറുമാറാകുന്ന കാഴ്ച നാം കണ്ടുകൊണ്ടിരിക്കുന്നു. ശാരീരിക മാനസിക ക്ലേശങ്ങൾക്കപ്പുറം സാമ്പത്തിക പ്രതിസന്ധികളും കുടുകയാണ്. ചില രാഷ്ട്രീയ താല്പര്യങ്ങൾ ലോകക്രമത്തെ മുഴുവൻ വിഴുങ്ങിക്കളയുന്ന അവസ്ഥ എത്രയോ പരിതാപകരം. നീതിബോധത്തിലടിയുറച്ച സാമൂഹ്യക്രമത്തിന് മാത്രമെ സമാധാനം കൊണ്ടുവരുവാൻ കഴിയു എന്ന സത്യം ഒരു യാഥാർത്ഥ്യമായി അവശേഷിക്കുന്നു. അടുത്ത സമയത്ത് കിഴക്കൻ യൂറോപ്പിലും മധ്യഏഷ്യയിലും നടത്തിയ ഒരു പഠന പ്രകാരം ഏകദേശം 40 ലക്ഷം കുഞ്ഞുങ്ങളാണ് യുദ്ധം മൂലം കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെട്ടത്. ഒക്ടോബറിൽ പ്രസിദ്ധീകരിച്ച ആഗോള പട്ടിണി സൂചിക (Global Hunger Index-GHI) റിപ്പോർട്ട് അനുസരിച്ച്, പട്ടിണി സൂചികയിൽ 2020-ലെ റാങ്കിൽ നിന്ന് (94) പിന്നോട്ടുപോയി 2021-ൽ ഇന്ത്യ 101-ാം സ്ഥാനത്താണ് എന്ന വാർത്ത ആശങ്കാജനകമാണ്. ഇത്തരം സൂചികകൾ തയ്യാറാക്കുന്ന രീതിശാസ്ത്രം വിമർശന വിധേയമെങ്കിലും നമ്മുടെ അയൽരാജ്യങ്ങളായ നേപ്പാൾ, ശ്രീലങ്ക, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നിവയെക്കാൾ ഇന്ത്യ പിന്നിലാണ് എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ഇന്ത്യയിലെ പട്ടിണിയുടെ അവസ്ഥയെ 'അപകടകരം' എന്നാണ് GHI റിപ്പോർട്ട് വിശേഷിപ്പിച്ചിരിക്കുന്നത്. 5 വയസ്സിന് താഴെയുള്ളവരുടെ മരണനിരക്കിൽ ഇന്ത്യ മെച്ചപ്പെട്ട നിലയിലാണെങ്കിലും കുട്ടികൾക്കിടയിലെ വളർച്ചാ മുരടിപ്പ്, ഭക്ഷണത്തിന്റെ അപര്യാപ്തത മൂലമുള്ള പോഷകാഹാരക്കുറവ് തുടങ്ങിയ സൂചകങ്ങളിൽ രാജ്യം കൂടുതൽ താഴേയ്ക്ക് പോയിരിക്കുന്നു. യുണൈറ്റഡ്നേഷൻസിന്റെ വികസന പ്രോഗ്രാം തയ്യാറാക്കിയ ആഗോള ദാരിദ്ര്യ സൂചികയിലും ലോകത്തിലെ ഏറ്റവും അധികം ദരിദ്രർ ഉള്ള രാജ്യം ഇന്ത്യയാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പട്ടിണിയും ദാരിദ്ര്യവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പട്ടിണിയിലും ദാരിദ്ര്യത്തിലും പൊതുവായി കാണാൻ കഴിയുന്നൊരു ഘടകം ഭക്ഷ്യസുരക്ഷയാണ്. ഇന്ത്യയിലെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിൽ പ്രധാന പങ്കുവഹിച്ച പൊതുവിതരണ സംവിധാനം (പി.ഡി.എസ്.) ശക്തിപ്പെടുത്തേണ്ട ആവശ്യത്തിലേക്കാണ് ഇന്നത്തെ സാഹചര്യം വിരൽ ചൂണ്ടുന്നത്. ഇന്ത്യയുടെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ കാരണങ്ങളാൽ രാജ്യരക്ഷ എന്ന പേരിൽ വലിയ ഒരു തുക നാം ചിലവഴിക്കേണ്ടിവരുന്നു. എന്നാൽ രാജ്യങ്ങൾ തമ്മിലൊരു സൗഹൃദപരമായ ബന്ധമുണ്ടാ

യിരുന്നുവെങ്കിൽ ഈ ഭീമമായ തുക ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാമായിരുന്നു. അതുകൊണ്ടുതന്നെ ലോകസമാധാനം ലോകക്ഷേമത്തിന് അനിവാര്യമാണെന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ആവശ്യങ്ങളിൽ സർക്കാരിന്റെ ഭാഗത്ത് നിന്നും നീതിപൂർവമായ ഇടപെടൽ ഇനിയും ആവശ്യപ്പെട്ടുകൊണ്ടായിരുന്നുവല്ലോ ദയാഭായി അനേകം ദിവസങ്ങൾ തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുന്നിൽ ഉപവാസം അനുഷ്ഠിച്ചത്. ദയാഭായിയുടെ ഉപവാസം താൽക്കാലികമായി നിർത്തിവെച്ചെങ്കിലും ദുരിതബാധിതർ ഉന്നയിച്ച വിഷയങ്ങളുടെ പ്രസക്തി അവസാനിക്കുന്നില്ല. വിഴിഞ്ഞത്ത് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമര സമിതി നടത്തുന്ന ഉപരോധ സമരവും അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെയും ജൈവ സമ്പദ്‌വ്യവസ്ഥയുടെയും ഇടമായിരുന്നു വിഴിഞ്ഞം. ഇതിലുപരി, ധാരാളം തൊഴിലാളി കുടുംബങ്ങൾ കക്ക, ചിപ്പി വാരലിനെ ആശ്രയിച്ചു ജീവിക്കുന്ന സ്ഥലമാണത്. കടലുമായി ബന്ധപ്പെട്ടു വിവിധ തലങ്ങളിൽ ജോലി ചെയ്യുന്നവരുടെ ഉപജീവന മാർഗ്ഗം കൂടെയാണ് വിഴിഞ്ഞം. കടലിന്റെ അടിത്തട്ടിൽ തുറമുഖ നിർമ്മാണത്തിന് വലിയ യന്ത്രം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിയതോടെ ആവാസ വ്യവസ്ഥ ഇല്ലാതായെന്നാണ് കടലുമായി ബന്ധപ്പെട്ട് അവിടെ ഉപജീവനം നടത്തുന്നവർ പറയുന്നത്. ഈ സമരങ്ങളെല്ലാം ജീവന്റെ നിലനിൽപ്പിനുള്ള പ്രശ്നങ്ങളാണ്. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി, ജനങ്ങളെ കൂടെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രശ്ന പരിഹാരത്തിന് അധികാരികൾ തയ്യാറാകേണ്ടതാണ്.

ഹിന്ദി അറിയാത്തവർക്ക് കേന്ദ്രസർക്കാർ ജോലിക്ക് അർഹതയില്ലെന്ന വിവാദ ശുപാർശ ഉൾക്കൊള്ളുന്ന പാർലമെൻറിന്റെ ഔദ്യോഗിക ഭാഷാസമിതി റിപ്പോർട്ട് രാഷ്ട്രപതിക്ക് സമർപ്പിച്ചിരിക്കുകയാണല്ലോ. ഈ നിർദ്ദേശങ്ങൾ നിലവിൽ വന്നാൽ ഹിന്ദി ഉപയോഗിക്കാത്ത സംസ്ഥാനങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് ഫലത്തിൽ അവസരങ്ങൾ ഇല്ലാതാകും. ഹിന്ദി ഉപയോഗിക്കാൻ വിമുഖത കാട്ടുന്ന കേന്ദ്ര ജീവനക്കാർക്കെതിരെ നടപടിയെടുക്കുമെന്നും റിപ്പോർട്ട് പറയുന്നു. ഇത് ഇന്ത്യയുടെ ഭാഷാവൈവിധ്യത്തിനു നേരെയുള്ള കടന്നാക്രമണമാണെന്ന് പറയേണ്ടിരിക്കുന്നു. ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ 22 ഔദ്യോഗിക ഭാഷകളെയും തുല്യമായി പരിഗണിക്കണമെന്നും പ്രോത്സാഹിപ്പിക്കണമെന്നുമായിരുന്നു ഭരണഘടനാ ശിൽപികൾ വിഭാവന ചെയ്തത്. വ്യത്യസ്ത ഭാഷകളുടെയും സംസ്കാരങ്ങളുടെയും വിശ്വാസങ്ങളുടെയും ആഘോഷമാണ് ഇന്ത്യാ മഹാരാജ്യം. ലോകത്ത് ഭാഷാ വൈവിധ്യം കൊണ്ട് മുൻനിരയിൽ നില്ക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. സുസ്ഥിര ഭാവിക്ക് ജൈവ വൈവിധ്യമെന്ന പോലെ പ്രധാനമാണ് ഭാഷാ വൈവിധ്യവും. രാഷ്ട്രീയമായി നാം നേടിയ സ്വാതന്ത്ര്യം ജീവിതത്തിന്റെ വിവിധ തലങ്ങളിലേയ്ക്ക് പടരണമെങ്കിൽ ഭാഷാസ്വാതന്ത്ര്യം അത്യന്താപേക്ഷിതമാണ്.

സഭാ മണ്ഡലത്തിന്റെ തീരുമാനപ്രകാരം നമ്മുടെ സഭയിൽ നാല് എപ്പിസ്ക്കോപ്പാമാരെ കൂടി നിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുകയാണല്ലോ. തിരഞ്ഞെടുപ്പ് പ്രക്രിയകൾ എല്ലാം തന്നെ സുഗമവും സുതാര്യവുമായിത്തീരുന്നതിന് ഏവരും ദൈവസന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിക്കണം. പട്ടക്കാരുടെ വാർഷിക സമ്മേളനം ചരൽക്കുന്നിൽ വെച്ച് നവംബർ 29, 30, ഡിസംബർ 1 തീയതികളിൽ നടത്തപ്പെടുന്നു. 'ശ്വാസം മുട്ടുന്ന ലോകം - അജപാലന ശുശ്രൂഷയിലെ വെല്ലുവിളികൾ' എന്നതാണ് ചിന്താവിഷയം. ഉത്ഥിതനായ കർത്താവ് ദൈവരാജ്യ വ്യാപനത്തിനായി ശിഷ്യന്മാരെ അയയ്ക്കുമ്പോൾ പരിശുദ്ധാത്മാവിനെ നല്കി അവരെ നിയോഗിക്കുന്നു. (ഇങ്ങനെ പറഞ്ഞ ശേഷം അവൻ അവരുടെ മേൽ ഊതി, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവീൻ എന്ന് പറഞ്ഞു - യോഹ. 20: 22). ശ്വാസം മുട്ടുന്ന ലോകത്തിൽ പ്രാണൻ പകരുന്നതാണ് സഭയുടെ ദൗത്യം. പരിശുദ്ധാത്മാവിന്റെ ആവാസത്തിലും നിയന്ത്രണത്തിലും ദൈവരാജ്യമൂല്യങ്ങൾക്കായി സഭയെ സജ്ജമാക്കുകയാണ് ഇടയപരിപാലന ധർമ്മം. വൈദീകരുടെ കൂട്ടായ്മയ്ക്കും അർത്ഥവത്തായ പഠനങ്ങൾക്കും കൂടിവരവ് ഉപയുക്തമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ സഭാ മണ്ഡലയോഗം സീനിയർ സിറ്റിസൺ ഫെലോഷിപ്പ്, വികസന സംഘം എന്നിവയെ ഔദ്യോഗിക സംഘടനകളായി അംഗീകരിച്ചിട്ടുണ്ടല്ലോ. ഇവയുടെ പ്രാദേശിക യൂണിറ്റുകൾ എല്ലാ ഇടവകകളിലും രൂപീകൃതമാക്കുവാൻ ഏവരും ഉത്സാഹിക്കണമെന്നറിയിക്കുന്നു.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ രണ്ടാമത് അനുസ്മരണ പ്രഭാഷണം കൊട്ടാരക്കര ജൂബിലി മന്ദിരത്തിൽ വെച്ച് ഒക്ടോബർ 29 ന് നടത്തപ്പെടുന്നു. തിരുമേനിയുടെ ദർശനത്തിനായും നേതൃത്വത്തിനായും ദൈവത്തെ സ്തുതിക്കാം. അനുസ്മരണ സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ, ശ്രീ. എൻ. എസ്. മാധവൻ ഐ. എ. എസ് എന്നിവർ നേതൃത്വം നല്കുന്നു. ചെന്നൈ ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ് അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായ്ക്കും, അലഹബാദ് സാം ഹിഗിൻബോഥം അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പായ്ക്കും ഡോക്ടറേറ്റ് നല്കി ആദരിച്ചു. അഭിവന്ദ്യ തിരുമേനിമാരെ

അഭിനന്ദിക്കുന്നു.

നമ്മുടെ സഭയിലെ സീനിയർ പട്ടക്കാരായ റവ. ഇ. ജോൺ കശ്ശീശാ (കറ്റാനം), റവ. വി. എം. മാത്യു (സീനിയർ), മാരാമൺ എന്നിവർ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ശുശ്രൂഷാ മേഖലകളിൽ അവരുടെ നിസ്തുലമായ സംഭാവനകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ദീർഘ വർഷങ്ങൾ സിഹോറാ ആശ്രമാംഗമായിരുന്ന ശ്രീ. വി. എം. ചെറിയാനും, മുൻ സഭാകൗൺസിൽ അംഗവും തെക്കൻ തിരുവിതാംകൂർ സുവിശേഷകനുമായിരുന്ന ശ്രീ. ഡി. ജ്ഞാനദാസും നിര്യാതരായി. അവരിലൂടെ ആശ്രമപ്രസ്ഥാനത്തിനും സുവിശേഷ വയൽപ്രദേശങ്ങൾക്കും ലഭിച്ച നേതൃത്വത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ചേരുകയും മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

സഭ ആഗമനകാലത്തേക്ക് പ്രവേശിക്കുകയാണല്ലോ. പ്രത്യാശയുടെ അരുളപ്പാടുകൾ ആണ് ഇക്കാലഘട്ടത്തിന്റെ വായനകൾ നമുക്കു പങ്കുവച്ചു തരുന്നത്. ഇരുൾ നിറഞ്ഞ ചരിത്രസന്ധിയിൽ ലോകത്തിനു പ്രകാശമായി യേശു തിരുവവതാരം ചെയ്തു. നിത്യപ്രകാശമായ കർത്താവ് നമ്മുടെ ഉള്ളിലും യാഥാർത്ഥ്യമായി ഭവിക്കുന്നതിനു ഈ നോമ്പുകാലം പ്രയോജനപ്പെടട്ടെ. നവംബർ ആറു ഞായർ അഖിലലോക സൺഡേസ്കൂൾ ദിനമായി നാം ആചരിക്കുകയാണ്. സഭാ പുതുക്കദിനാചരണവും അന്നേ ദിവസം ആണല്ലോ. വളർന്നുവരുന്ന തലമുറ സഭയുടെ വലിയ സമ്പത്താണ്. തലമുറകൾക്കു വേണ്ടി ശുദ്ധീകരിക്കപ്പെടാൻ മാതാപിതാക്കൾക്കു കഴിയണം. അഞ്ചപ്പവും രണ്ടു മീനും കൈയിൽ ഉണ്ടായിരുന്ന ബാലകൻ അവ കർത്താവിന്റെ കൈകളിൽ ഏല്പിച്ചു കൊടുക്കാൻ സന്നദ്ധൻ ആയപ്പോൾ പൊതു സമൂഹത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെട്ടുവല്ലോ. അവ പങ്കുവയ്ക്കുന്നതിനുള്ള സമ്മതം ആ ബാലകനുണ്ടായതു അവനെ വളർത്തിയ മാതാപിതാക്കൾ പകർന്നു നൽകിയ മൂല്യബോധം കാരണമാകാം. 'പൈതങ്ങൾ ക്രിസ്തുവിൽ വളർത്തപ്പെടേണ്ടവർ' എന്നതാണല്ലോ സണ്ടഡേസ്കൂൾ ദിനത്തിന്റെ ചിന്താ വിഷയം. നമ്മുടെ കുഞ്ഞുങ്ങൾ കേവലം വളരുകയല്ല, വളർത്തപ്പെടുകയാണ് ആവശ്യം.

നവംബർ 13 ഞായർ: സഭ ധ്യാനിക്കുന്നത് സെഖര്യാവിനോടുള്ള അറിയിപ്പാണല്ലോ. നീണ്ട കാലത്തെ പ്രവാചക മൗനത്തിനു വിരാമം കുറിച്ചത് സ്നാപക യോഹന്നാൻ ആണ്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ വിശുദ്ധ ജീവിതം നയിക്കുന്നവരും നീതിയുള്ളവരും ചരിത്രത്തിലെ ദൈവിക ഇടപെടലിനും വേണ്ടി കാത്തിരിക്കുന്നവരും ആയിരുന്നു. വ്യക്തിപരമായ ജീവിത ദുഃഖം അവരെ കൂടുതൽ ദൈവാശ്രയമുള്ളവരാക്കി തീർത്തിരുന്നിരിക്കണം. അവർക്കു ദൈവം നൽകിയ മറുപടി പൊതു സമൂഹത്തിന്റെ നന്മയ്ക്കായി തീർന്നു. മഹത്വത്തിനും വലിപ്പത്തിനും പുതിയ അളവുകോൽ യോഹന്നാൻ നൽകി. 'സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനെപ്പോലെ വലിയവൻ ആരുമില്ല' എന്നു കർത്താവ് സാക്ഷ്യപത്രം നൽകിയല്ലോ. അശുദ്ധികൾ വർദ്ധിക്കുന്ന കാലസന്ധികളിൽ വിശുദ്ധിയുടെ പാത്രങ്ങൾ ആകാൻ നമുക്കു കഴിയട്ടെ.

നവംബർ 20 ഞായർ: വിശുദ്ധ കന്യകമറിയാമ്മിനോടുള്ള അറിയിപ്പാണ് നാം ധ്യാനിക്കുന്നത്. ആത്മസമർപ്പണത്തിന്റെ ആൾരൂപമാണ് വിശുദ്ധ കന്യകമറിയം. ഇതാ ഞാൻ ദൈവത്തിന്റെ ദാസി, നിന്റെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ എന്ന ദൈവത്തിന്റെ അരുളപ്പാടിനോട് പ്രതികരണം കാണിക്കുന്ന കന്യക മറിയം സദാകാലത്തുമുള്ള ദൈവഭക്തർക്കു മാതൃകയാണ്. ദൈവം നൽകുന്ന നിയോഗങ്ങൾ ചുമലിൽ ഏറ്റുന്നവർ കടന്നു പോകുന്ന കനൽ വഴികൾ, ലോക നന്മയ്ക്കായി തീരുക തന്നേ ചെയ്യും. അപ്രകാരമുള്ള ജീവിത സമർപ്പണങ്ങൾക്കു ഈ ആഗമന കാലം നമുക്കു പ്രചോദനം ആയി തീരട്ടെ.

നവംബർ 27 ഞായർ: വയോധിക ആയ എലിസബേത്തിന്റെ അടുത്തേക്ക് കന്യക മറിയം പോകുന്നതും അവരുടെ കണ്ടുമുട്ടലും ആണ് നാം ധ്യാനിക്കുന്നത്. കന്യകമറിയാമ്മിന്റെ ചാർച്ചക്കാരി എലിസബേത്ത് വന്ധ്യ എന്നു മുദ്രകുത്തപ്പെട്ടവൾ ആയിരുന്നു. എലിസബേത്തിന്റെ ഗർഭധാരണം കന്യക മറിയാമ്മിന് ഒരു അടയാളം ആയിരുന്നു. മറിയാമിന്റെ അത്ഭുത ഗർഭധാരണത്തിന്റ സാധൂകരണവും എലിസബേത്ത് മനസ്സിലാക്കി. ദൈവരാജ്യത്തിന്റെ പദ്ധതിയിൽ പരസ്പരം പ്രോത്സാഹനമായി മാറുന്നതിന് അവർക്കു കഴിഞ്ഞു. ഈ ആഗമനകാലം നമുക്ക് പരസ്പരം നന്മയ്ക്കു വേണ്ടി പ്രോത്സാഹിപ്പിക്കാൻ കഴിയട്ടെ. അങ്ങനെ ദൈവരാജ്യം വളരാൻ ഇടയാകട്ടെ.

മാർത്തോമ്മാ മെത്രാപ്പോലീത്താ എന്ന ചുമതലയിൽ രണ്ട് വർഷങ്ങൾ പൂർത്തീകരിക്കുവാൻ ഇടയാകുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് സംഗതമായ സാക്ഷ്യ നിർവ്വഹണത്തിന് സഭയെ സജ്ജമാക്കുക എന്ന ദൗത്യത്തിൽ ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ പിൻതുണയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെകൃപ
നിങ്ങളേവരോടുംകൂടെയിരിക്കട്ടെ.

പൂലാത്തീൻ
30. 10. 2022

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**